**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Seeram Sambasiva Rao IAS)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - ശ്രീമതി ജിഷ കെ.-യെ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം

1) തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.10.2018 ലെ DDP- TSR-3015/2018-E2 നമ്പർ ഉത്തരവ്.
2) പഞ്ചായത്ത് ഡയറക്ടറുടെ 17.10.2020 -ലെ PAN- 20015/2018/E6/DP നമ്പർ ഉത്തരവ്.
3) തസ്വഭവ തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 27/03/2023 ലെ DDP-TSR/2219-E2 നമ്പർ കത്ത്
4) G.O. (P) No. 38/2014/P &ARD Dated: 14.11.2014.
5) ഈ ആഫീസിലെ 15.05.2024 ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ് നമ്പർ LSGD/3604 -2023-GEA3 തീയതി: 18-07-2024**

തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ജിഷ കെ.-യ്ക്ക് കേരള പി.എസ്.സി തൃശ്ശൂർ ജില്ലാ ഓഫീസറുടെ 04.12.2017 തീയതിയിലെ നിയമന ശുപാർശ പ്രകാരം തുറമുഖ വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ ക്ലർക്ക് തസ്തികയിലാണ് നിയമനം ലഭിച്ചിരുന്നത്. ശ്രീമതി ജിഷയുടെ മാതൃ ജില്ലയായ തൃശ്ശൂർ ജില്ലയിൽ തുറമുഖ വകുപ്പിൽ 5 വർഷത്തിനുള്ളിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് വരാത്ത സാഹചര്യത്തിൽ ടിയാൾക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേന പഞ്ചായത്ത് വകുപ്പിൽ നിയമനം ലഭിക്കുകയും പരാമർശം (1) ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു.

പഞ്ചായത്ത് വകുപ്പിലെ 01.01.2014 മുതൽ 31.12.2018 വരെയുള്ള ക്ലർക്കുമാരുടെ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ശ്രീമതി ജിഷ കെ.-യുടെ പേര് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (4) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ KS&SSR Rule 27 (c) പ്രകാരം ആദ്യ എഫക്ടീവ് അഡ്വൈസ് തീയതിയുടെ അടിസ്ഥാനത്തിൽ ശ്രീമതി ജിഷയ്ക്ക് പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി ലഭിക്കാൻ അർഹതയുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി ജിഷ കെ. -യെ ക്രമ നം. 2194 ശ്രീ. ഗിരീശൻ.പി.പി. പുത്തൻപുരയിലിനും ക്രമ നം. 2195 ശ്രീ. അക്ഷയ് എം.വി.- യ്ക്കും മദ്ധ്യേ ക്രമ നം. 2194 A ആയി താൽക്കാലികമായി ഉൾപ്പെടുത്തി പരാമർശം (4) നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. നോട്ടീസിന്മേൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള മുൻ പഞ്ചായത്ത് വകുപ്പിലെ 01.01.2014 മുതൽ 31.12.2018 വരെയുള്ള ക്ലർക്കുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി ജിഷ കെ. -യെ ക്രമ നം. 2194 A ആയി ഉൾപ്പെടുത്തി സീനിയോറിറ്റി പട്ടിക പുനഃക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:

1. ജില്ലാ ജോയിൻറ് ഡയറക്ടർമാർ
2. ശ്രീമതി ജിഷ കെ. (തൃശ്ശൂർ ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE / DEC സെക്ഷനുകൾ
4 സിസ്റ്റം മാനേജർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി